**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2558

12.02.2019 ലെ മറുപടിയ്ക്ക്.

## വാത്സല്യനിധി പദ്ധതി

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ : | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടിക വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി നടപ്പിലാക്കിയ വാത്സല്യനിധി പദ്ധതിയിൽ ഇതിനകം എത്രപേർ അംഗങ്ങളായിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | ഇതുവരെ വാത്സല്യനിധി പദ്ധതിയിൽ 2816 പേർ അംഗങ്ങളായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ കുട്ടിയുടെയും പേരിൽ സർക്കാർ എത്ര രൂപയാണ് നിക്ഷേപിക്കുന്നത്; അറിയിക്കാമോ; | (ബി) | ഓരോ കുട്ടിയുടെയും പേരിൽ നാല് ഗഡുവായി 1,38,000/- രൂപ സർക്കാർ എൽ.ഐ.സി. യിൽ നിക്ഷേപിക്കുന്നു. |
| (സി) | ഈ പദ്ധതിയെ സംബന്ധിച്ച് പട്ടികജാതി വകുപ്പ് മുഖാന്തിരം ബോധവൽക്കരണം നടത്തുന്നതിനും കൂടുതൽ കുട്ടികളെ ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ഈ പദ്ധതിയെ സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പ് എസ്.സി പ്രൊമോട്ടർമാർ മുഖേനയും വിവിധ മാധ്യമങ്ങളാലും ബോധവത്ക്കരണം നടത്തുന്നുണ്ട്. കൂടുതൽ കുട്ടികളെ ഈ പദ്ധതിയിൻ കീഴിൽ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## വാത്സല്യനിധി പദ്ധതിയിൽ അംഗമായ പെൺകുട്ടികളുടെ
## ജില്ല തിരിച്ചുള്ള കണക്ക്

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 329 |
| കൊല്ലം | 240 |
| പത്തനംതിട്ട | 145 |
| ആലപ്പുഴ | 85 |
| കോട്ടയം | 110 |
| ഇടുക്കി | 77 |
| എറണാകുളം | 300 |
| തൃശ്ശൂർ | 422 |
| പാലക്കാട് | 499 |
| മലപ്പുറം | 299 |
| കോഴിക്കോട് | 90 |
| വയനാട് | 40 |
| കണ്ണൂർ | 101 |
| കാസർഗോഡ് | 79 |
| **ആകെ** | **2816** |

സെക്ഷൻ ഓഫീസർ